## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 179

8.12.2014-ൽ മറുപടിക്ക്

### ഫ്ളക്സ് ബോർഡ് നിരോധനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. സാജു പോൾ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. കെ.വി. അബ്ദുൽ ഖാദർ | | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഫ്ളക്സ്ബോർഡ് നിരോധനം സംബന്ധിച്ച് പഠനം നടത്താൻ മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചിട്ടുണ്ടായിരുന്നുവോ; സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകൾ വെളിപ്പെടുത്താമോ; | (എ) | നിയോഗിച്ചിരുന്നു. സമിതി റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) സർക്കാർ പരിപാടികൾക്കും മന്ത്രിമാരുടെ ചടങ്ങുകൾക്കും ഫ്ളക്സ് ബോർഡ് പാടില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;<br><br>(സി) ഗതാഗത തടസ്സം ഉണ്ടാക്കുന്ന നിലയിൽപ്പോലും സർക്കാർ ചെലവിൽ മന്ത്രിമാരുടെ പടങ്ങളോടു കൂടിയ ഫ്ളക്സ്ബോർഡുകൾ സ്ഥാപിക്കുന്ന രീതി അവസാനിപ്പിക്കാമോ; ഇക്കാര്യത്തിൽ മാതൃകാപരമായി പ്രവർത്തിക്കാൻ സർക്കാർ തയ്യാറാകുമോ? | (ബി) & (സി) | 06.11.2014-ലെ സ.ഉ.(കൈ) നം. 195/14/തസ്വഭവ പ്രകാരം സർക്കാർ ചടങ്ങുകളിലും പരസ്യങ്ങളിലും ഫ്ളക്സ് ബോർഡുകൾ പൂർണ്ണമായും നിരോധിക്കുമെന്നും ഇത് സർക്കാർ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും എന്നും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ട്

## പ്ലാസ്റ്റിക് ഫ്ലക്സ് ബോർഡുകൾക്ക് നിയന്ത്രണം കൊണ്ടുവരുന്നത് സംബന്ധിച്ച്

പൊതുസ്ഥലങ്ങളിലും പൊതുവീഥികളുടെ വശങ്ങളിലും പരസ്യാർത്ഥം ഫ്ലക്സ്ബോർഡുകൾ പ്രദർശിപ്പിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നതു മൂലം, പ്ലാസ്റ്റിക് മലിനീകരണം കൊണ്ടുണ്ടാകുന്ന പരിസ്ഥിതികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ രൂക്ഷമാകുന്നതാണ്. പ്ലാസ്റ്റിക് തന്നെ സംസ്ഥാനത്തെ ഖരമാലിന്യ നിർമ്മാർജ്ജന രംഗത്ത് അപരിഹാര്യമായ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യത്തിൽ സമാന പാരിസ്ഥിക / പൊതുജന ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാ വുന്ന ഫ്ലക്സ് ബോർഡുകളുടെ ഉപയോഗത്തിൽ നിയന്ത്രണം ഉണ്ടാകേണ്ടിയിരിക്കുന്നു. വാഹനാപകടങ്ങൾ ഉണ്ടാകുന്നതിനും പൊതു സ്ഥലങ്ങൾ വികൃതമാക്കപെടുന്നതിനും മണ്ണും ജലവും മലിനമാക്കപ്പെടു ന്നതിനും കാരണമാകുന്നത് കൂടാതെ കത്തിച്ചു നശിപ്പിക്കുന്ന വേളയിൽ അപകടകരമാം വിധം വായുമലിനീകരണം ഉണ്ടാക്കുന്നതിനും കാരണമാകയാൽ സംസ്ഥാനത്ത് ഫ്ലക്സ്ബോർഡുകളുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കപ്പെടേണ്ടതാണ്. എന്നാൽ വർഷങ്ങളായി ഉപയോഗത്തിലിരിക്കുന്ന ഫ്ലക്സ് ബോർഡുകൾക്ക്, അതിലേർപ്പെട്ടിരിക്കുന്ന സംരംഭകരുടേയും തൊഴിലാളികളുടേയും താൽപര്യം കൂടി കണക്കിലെടുത്ത് ഉടനടി പൂർണ്ണ നിരോധനം ഏർപ്പെടുത്താതെ ഘട്ടം ഘട്ടമായി നിയന്ത്രണം ഏർപ്പെടുത്തുന്നതാണ് അഭികാമ്യം.

ഫ്ലക്സ് ബോർഡുകൾ സ്ഥാപിച്ചു കഴിഞ്ഞാൽ അവ സ്ഥാപിച്ചവർ എടുത്ത് മാറ്റാറില്ല. ഫ്ലക്സ് ബോർഡുകൾ അതേപടി ഉപേക്ഷിക്ക പെടുന്നവ – പ്രത്യേകിച്ച് വൈദ്യുത പോസ്റ്റുകൾ, തണൽ മരങ്ങൾ, സർക്കാർ സ്ഥാപനങ്ങൾക്കു മുന്നിൽ പ്രദർശിപ്പിക്കുന്നവ, – ഓടകളിലും ജലാശയങ്ങളിലും എത്തുന്നതു മൂലമുള്ള പ്രശ്നങ്ങളും, മണ്ണിലലിഞ്ഞു ചേരുന്നതല്ലാത്തതിനാലുള്ള മലിനീകരണവും, കത്തിച്ചാൽ വിഷവസ്തുക്കൾ നിർഗ്ഗമിക്കുന്നതും കണക്കിലെടുത്ത് ഫ്ലക്സ് ബോർഡു കളുടെ പ്രദർശനത്തിൽ താഴെ പറയുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്താ വുന്നതാണ്:

1. നിയമാനുസൃത അനുമതി കൂടാതെ പരസ്യാവശ്യത്തിനും, പ്രചരണ ത്തിനുമുള്ള ഫ്ലക്സ് ബോർഡുകൾ ഒരു സ്ഥലത്തും പ്രദർശിപ്പി ക്കാവുന്നതല്ല. അനധികൃത ഫ്ലക്സ് ബോർഡുകൾ നീക്കം ചെയ്യാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് അധികാരി നടപടി സ്വീകരിക്കേണ്ടതാണ്.

2. സർക്കാർ ചടങ്ങുകളിലും പരസ്യങ്ങളിലും ഫ്ലക്സ്ബോർഡുകൾ പൂർണ്ണമായും നിരോധിക്കും. ഇത് സർക്കാർ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും.

3. പൊതു സ്ഥലങ്ങളിൽ പ്രത്യേക അനുമതി കൂടാതെ ഫ്ലക്സ് ബോർഡുകൾ പ്രദർശിപ്പിക്കുന്നത് കർശനമായി തടയുന്നതാണ്. ട്രാഫിക് തടസ്സം ഉണ്ടാകുന്ന രീതിയിൽ മറ്റുസ്ഥലങ്ങളിൽ ഫ്ലക്സ് ബോർഡുകൾ പ്രദർശിപ്പിക്കാനും അനുമതി നൽകാവുന്നതല്ല.

4. <u>പൊതു നിരത്തിലെ വൈദ്യുതി കാലുകളിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ, നോട്ടീസുകൾ, ഫ്ളക്സ് ബോർഡുകൾ, എഴുത്തുകൾ എന്നിവ നീക്കം ചെയ്തുകൊണ്ട് അവയ്ക്ക് ചുറ്റിലും നിശ്ചിത വലിപ്പത്തിൽ മെറ്റൽ ക്ലാഡിംഗ് സ്ഥാപിച്ച് / പെയിന്റ് ചെയ്ത് വൃത്തിയാക്കി നിശ്ചിത ഫീസ് ഈടാ ക്കിക്കൊണ്ട് നഗരസഭ / റോഡുകളുടെ പരിപാലന ചുമതലയുള്ളവർ എന്നിവരുടെ അനുമതിയോടെ പരസ്യദാതാക്കളിൽ നിന്ന് നഗരങ്ങ ളിലെ മാർക്കറ്റ് നിരക്ക് അനുസരിച്ചുള്ള തുക ഈടാക്കിക്കൊണ്ട് പര സ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനും വൈദ്യുതി കാലുകളുടെ ഉടമസ്ഥാവകാശം കെ.എസ്.ഇ.ബി.യിൽ തന്നെ നിക്ഷിപ്തമാക്കി അവരുമായി കരാറിലേർപ്പെട്ടുകൊണ്ട് തുടർ നടപടികളെടുക്കുവാൻ ക്ലീൻ കേരള കമ്പനിയെ സർക്കാർ അധികാര പ്പെടുത്തിയിട്ടുണ്ട്. ഈ വിധത്തിൽ പരസ്യങ്ങൾ സ്ഥാപിക്കുവാൻ താൽപ്പര്യമുള്ളവർക്ക് ക്ലീൻ കേരള കമ്പനിയെ നേരിട്ട് സമീപിക്കുന്ന തിനും അവരുടെ വ്യവസ്ഥകൾ പ്രകാരം പരസ്യ ബോർഡുകൾ /നോട്ടീസുകൾ എന്നിവ സ്ഥാപിക്കുന്നതിനും അനുമതി നൽകാവുന്ന താണ്.</u>

5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കാൻ അനുമതി നൽകുമ്പോൾ അനുവദിക്കപ്പെട്ട കാലാവധി, അപേക്ഷകൻെറ പേര്, ലൈസൻസ് നമ്പർ, എന്നിവ പരസ്യത്തിൽ പ്രദർശിപ്പിക്കണം എന്ന വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണ്. ആവശ്യമായ പക്ഷം ബന്ധപ്പെട്ട ചട്ടങ്ങളിൽ ഈ വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണ്.

6. ഫ്ലക്സ് ബോർഡുകൾ പ്രദർശിപ്പിക്കാൻ അനുയോജ്യമായ സ്ഥലങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് അവിടെ മാത്രമെ അവ പ്രദർശിപ്പിക്കാൻ അനുമതി നൽകാൻ പാടുള്ളൂ. അനുമതിയില്ലാത്ത മേഖലകളിലും നിരോധിത മേഖലകളിലും, കാലാവധിക്കു ശേഷവും പ്രദർശിപ്പിക്കുന്ന ഫ്ലക്സ് ബോർഡുകൾ ചട്ടപ്രകാരം നീക്കം ചെയ്യേണ്ടതും വ്യവസ്ഥ ലംഘിച്ചവർക്ക് നിയമാനുസൃത പിഴ ചുമത്തേണ്ടതുമാണ്. ഇത്തരം കേസ്സുകളിൽ പിന്നീട് ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കാൻ അനുമതി നൽകാവുന്നതുമല്ല.

7. പരസ്യ ഏജൻസികൾ ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കുന്നവർക്ക്, അനുമതി നൽകുന്ന വേളയിൽ അവർ സ്ഥാപിക്കുന്ന ഫ്ലക്സ് ബോർഡുകൾ പുനരുപയോഗപ്പെടുത്തുന്നതിന് അവ പരസ്യം നൽകിയ സ്ഥാപനങ്ങളെയോ പ്രിൻറ് ചെയ്ത സ്ഥാപനത്തെയോ തിരികെ ഏൽപ്പിക്കാനുള്ള ചുമതല അപേക്ഷകരായ പരസ്യ ഏജൻസിക്ക് വ്യവസ്ഥ ചെയ്ത് നൽകേണ്ടതും, പരസ്യ കാലാവധി കഴിഞ്ഞാലുടൻ അപ്രകാരം ചെയ്യുന്നു എന്നുറപ്പാക്കേണ്ടതുമാണ്.

8. മരത്തിൻെറയോ പൈപ്പിൻെറയോ ചട്ടക്കൂട്ടിൽ ഉണ്ടാക്കി റോഡരികുകളിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഫ്ലക്സ് ബോർഡുകളും ബാനറുകളും അനുമതി നൽകുമ്പോൾ തണൽമരങ്ങളിൽ ആണിയടിച്ച് പ്രദർശിപ്പിക്കാവുന്നതല്ല. കൂടാതെ റോഡ് ഡിവൈഡറുകളിലും, ഡ്രൈവർമാരുടെ കാഴ്ച മറയ്ക്കുന്ന രീതിയിലും പ്രദർശനാനുമതി നൽകരുത്. ഇതു സംബന്ധിച്ച കോടതി വിധിയും നിലവിലുണ്ട്.

9. പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്ന രീതിയിൽ, തദ്ദേശഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്ന ഫ്ലക്സ് ബോർഡുകളും ബാനറുകളും മറ്റ് ഫ്ലക്സ് പരസ്യങ്ങളും 2011-ലെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെൻറ് & ഹാൻറിലിംഗ്) ചട്ടങ്ങൾ പ്രകാരം നീക്കം ചെയ്യേണ്ടതാണ്.

10. രാഷ്ട്രീയ പാർട്ടികളും പൊതുജനസംഘടനകളും, ട്രേഡ് യൂണിയനുകളും മറ്റ് സ്ഥാപനങ്ങളും ഫ്ലക്സ് ബാനറുകളും / പരസ്യ / പ്രദർശന വസ്തുക്കളും ഒഴിവാക്കുവാനും മലിനീകരണ നിയന്ത്രണത്തിൽ

സർക്കാരിന്റെ പ്രവർത്തനങ്ങളോട് സഹകരിക്കാനും അഭ്യർത്ഥിക്കാവുന്നതാണ്.

11. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഖരമാലിന്യ നിർമ്മാർജ്ജന നടപടികൾക്ക് ഏറ്റവും വലിയ പ്രതിബന്ധം, പ്ലാസ്റ്റിക് മാലിന്യമാകയാലും വലിപ്പക്കൂടുതലുള്ളവയും, കത്തിച്ചാൽ അപകടകരമായ രാസവസ്തുക്കൾ നിർഗ്ഗമിക്കുന്നതുമായ ഫ്ലക്സുകൾ കൂടുതൽ പരിസര മലിനീകരണവും പൊതുജനാരോഗ്യ പ്രശ്നങ്ങളും ഉണ്ടാക്കുന്നതിനും ഇടയുള്ളതുമാകയാൽ, നിയമാനുസൃതവും പരിസ്ഥിതി സൗഹൃദ പരവുമായ പരസ്യ / പ്രചാരണ മാർഗ്ഗങ്ങൾ അവലംബിക്കാൻ എല്ലാവരും സന്നദ്ധരാകേണ്ടതാണ്.

| | | |
|---|---|---|
| ആര്യാടൻ മുഹമ്മദ്<br>ഊർജ്ജ വകുപ്പ് മന്ത്രി | മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>വനം, പരിസ്ഥിതി, ഗതാഗത, കായിക, സിനിമ വകുപ്പ് മന്ത്രി |